national book festival 2012

കേരള സാഹിത്യ അക്കാദമി

പത്രക്കുറിപ്പ് (08.01.2012)

# വായന തലമുറകളിലേയ്ക്ക് അറിവ് പകരുന്നു: വി.എം.സുധീരൻ

തലമുറകളിൽനിന്ന് തലമുറകളിലേയ്ക്ക് അറിവ് പകർന്നുകൊടുക്കാൻ വായനയ്ക്ക് കഴിയുമെന്ന് വി.എം. സുധീരൻ പറഞ്ഞു. കേരള സാഹിത്യ അക്കാദമിയുടെ ദേശീയപുസ്തകോത്സവത്തിന്റെ ഭാഗമായുള്ള അക്ഷരപ്പെരുമ സാംസ്കാരികോത്സവത്തിലെ പക്ഷിനിരീക്ഷകരുടെ സംഗമത്തിന് ആശംസയർപ്പിക്കുകയായിരുന്നു അദ്ദേഹം.

പുതുതലമുറയ്ക്ക് പുസ്തകങ്ങളെക്കുറിച്ച് അറിവ് നൽകാനും വായനയുടെ മഹത്വം ബോധ്യപ്പെടുത്താനും പുസ്തകോത്സവങ്ങൾ സഹായിക്കും.

ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം ഏറിയിട്ടുണ്ടെങ്കിലും വായനയുടെ പ്രസക്തി കുറയുന്നില്ല. വായന പകരുന്ന അറിവ് ഒന്നുവേറെത്തന്നെയാണ്. നമ്മുടെ സംസ്കാരത്തേയും പൈതൃകത്തേയും ആഴത്തിലറിയാൻ വായന സഹായിക്കും. ലോകത്തിന്റെ സങ്കീർണ്ണമായ ഗതിവിഗതികൾ മനസ്സിലാക്കി മുന്നോട്ടുപോകാൻ എന്നെപ്പോലുള്ളവർക്ക് ആഴത്തിലുള്ള വായന അത്യാവശ്യമാണ്. എന്റെ കുട്ടിക്കാലം മുതൽ എനിക്കു പകർന്നുകിട്ടിയ അറിവുകൾ ഗ്രന്ഥങ്ങളിൽനിന്ന് ആർജ്ജിച്ചതാണ്.

സർക്കാരും സ്വകാര്യസ്ഥാപനങ്ങളും സാഹിത്യതൽപ്പരരും വായന നിലനിർത്താനും പ്രോത്സാഹിപ്പിക്കുന്നതിനും ഇത്തരം പുസ്തകോത്സവങ്ങൾ സംഘടിപ്പിക്കേണ്ടത് അനിവാര്യമാണ്.

**ആർ.ഗോപാലകൃഷ്ണൻ**
സെക്രട്ടറി & ജനറൽ കൺവീനർ